**അടിയന്തര പ്രമേയം**

യുവജനങ്ങളിലും വിദ്യാർത്ഥികളിലും വർദ്ധിച്ചുവരുന്ന
ലഹരി ഉപയോഗം

മി. സ്പീക്കർ: എം.ഡി.എം.എ. അടക്കമുള്ള മാരക ലഹരി വസ്തുക്കളുടെ ഉപയോഗം യുവാക്കളിലും വിദ്യാർത്ഥികളിലും വർദ്ധിച്ചുവരുന്നതുമൂലം സമൂഹത്തിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളീയ സമൂഹം നേരിടുന്ന ഗൗരവമായ ഒരു പ്രശ്നമാണ് അടിയന്തര പ്രമേയത്തിലൂടെ ഉന്നയിച്ചിരിക്കുന്നത്. ഇന്ന് മൂന്ന് ബില്ലുകളുടെ അവസാനഘട്ട നടപടികളിലേയ്ക്ക് കടക്കേണ്ടതുള്ളതിനാലാണ് ഈ വിഷയം ചർച്ച ചെയ്യാൻ കഴിയാത്തത്. ലഹരി ഉപഭോഗവും വ്യാപാരവും സമൂഹത്തിൽ കുറച്ചുകാലമായി ഭീഷണിയായി വളർന്നിട്ടുണ്ടെന്നുള്ളത് നിസ്തർക്കമായ വസ്തുതയാണ്. ലഹരി ഉപയോഗത്തിൽ വർദ്ധനവും പുതിയ രീതികളും

ഉണ്ടാകുന്നുണ്ട്. ഇത് സംസ്ഥാനത്തോ രാജ്യത്തോ മാത്രം ഒതുങ്ങുന്ന ഒരു വിഷയമല്ല. ലഹരി വ്യാപനത്തിന്റെ പ്രശ്നം സംസ്ഥാന സർക്കാർ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. സമീപനാളുകളിൽ ലഹരിക്കടത്തും വില്പനയും പിടിക്കപ്പെടുന്നതിന്റെ അളവ് വലിയതോതിൽ വർദ്ധിച്ചത് സർക്കാർ സംവിധാനങ്ങളുടെ ഏകോപിതമായ പരിശ്രമത്തിന്റെ ഫലമായാണ്. എക്സൈസ്-പോലീസ് വകുപ്പുകൾ ഏകോപിതമായി ലഹരിമരുന്ന് വേട്ട നടത്തുന്നുണ്ട്. ലഹരി ഉപഭോഗം സംബന്ധിച്ച് 2020-ൽ 4650-ഉം, 2021-ൽ 5334-ഉം കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 2022 ആഗസ്റ്റ് 29 വരെയുള്ള കണക്കുപ്രകാരം 16128 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2020-ൽ 5674 പേരേയും 2021-ൽ 6704 പേരേയും 2022-ൽ 17834 പേരേയും ഇതുസംബന്ധിച്ച് അറസ്റ്റ് ചെയ്തിട്ടുണ്ട്. വ്യാപാരാവശ്യത്തിനായി എത്തിച്ച 1340 കി.ഗ്രാം. കഞ്ചാവും 6.7 കി.ഗ്രാം. എം.ഡി.എം.എ.-യും 23.4 കി.ഗ്രാം ഹാഷിഷ് ഓയിലും ഈ വർഷം പിടിച്ചെടുത്തിട്ടുണ്ട്. നേരത്തേ കഞ്ചാവ് പോലുള്ള ലഹരി വസ്തുക്കളാണ് വ്യാപകമായി ഉപയോഗിക്കപ്പെട്ടിരുന്നതെങ്കിൽ സിന്തറ്റിക് ലഹരി വസ്തുക്കളുടെ വ്യാപനവും ഉപഭോഗവുമാണ് നിലവിൽ വലിയ

ഭീഷണിയായിട്ടുള്ളത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലുൾപ്പെടെ ഇത്തരം ലഹരി മരുന്നുകൾ എത്തിച്ചേരുന്നുണ്ട്, അത്തരം കേസുകൾ പിടിക്കപ്പെട്ടിട്ടുമുണ്ട്. പ്രസ്തുത വിപത്ത് തടയാൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ മാത്രമല്ല, വിവിധ ജനവിഭാഗങ്ങളുടെയും സർക്കാർ സംവിധാനത്തിന്റെയും ഏകോപിത സമീപനമാണ് ആവശ്യം. സർക്കാർ ഇക്കാര്യത്തിൽ ഫലപ്രദമായ നടപടി സ്വീകരിച്ചുവരികയാണ്. അതുകൊണ്ടുതന്നെ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കേരളത്തെ സംബന്ധിച്ച് പാരിസ്ഥിതികമായ ഒരു സർവ്വനാശത്തിന്റെ സാധ്യത കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് അടിയന്തര പ്രമേയമായി മുൻപ് സഭയിൽ അവതരിപ്പിച്ചിരുന്നു. എന്നാൽ കേരളത്തിന്റെ ഭാവിയെ ബാധിക്കുന്ന മറ്റൊരു തലത്തിലുള്ള അപകട സാധ്യതയിലേയ്ക്കാണ് സഭയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. ഇന്ന് മൂന്ന് ബില്ലുകൾ ഉള്ളതുകൊണ്ടുമാത്രമാണ് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പരാമർശത്തെ, ആ

സമീപനത്തെ ഞങ്ങൾ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുകയാണ്. സഗൗരവം ആ വിഷയം ഉൾക്കൊള്ളുന്നുവെന്നാണ് അത് കാണിക്കുന്നത്. കേരളം ഒരു മയക്കുമരുന്ന് ബാധിത സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്നുവെന്ന സത്യത്തെ അഭിമുഖീകരിക്കാൻ നാം സജ്ജരാകേണ്ടിയിരിക്കുന്നു. ഒരു ജനതയുടെ സാമൂഹ്യവും സൗന്ദര്യാത്മകവുമായ മുന്നോട്ടുപോക്ക് സാധ്യമാക്കുന്നത്, ആ സമൂഹത്തിലെ വ്യക്തികളുടെ ബുദ്ധിപരവും വൈകാരികവുമായ തെളിച്ചമാണ്. സമൂഹത്തിലെ വ്യക്തികൾ വിവേചനബുദ്ധിയും യുക്തിബോധവും ആത്മനിയന്ത്രണവും നഷ്ടപ്പെട്ടവരായാൽ ആ സമൂഹത്തിന്റെ പോക്ക് സർവ്വനാശത്തിലേയ്ക്കായിരിക്കും. 'Narcotics is a dirty business' എന്നത് അടുത്തകാലത്ത് കേരളത്തിൽ വലിയ വാണിജ്യവിജയം നേടിയ 'ലൂസിഫർ' എന്ന സിനിമയിൽ ആവർത്തിക്കപ്പെട്ട ഒരു പഴയ പ്രയോഗമാണ്. ആ ബിസിനസ്സിന്റെ ആഗോള കച്ചവട മൂല്യം കുറച്ച് വർഷങ്ങൾക്കുമുമ്പുതന്നെ 650 ബില്യൻ ഡോളർ കടന്നതായി പഠനങ്ങൾ പറയുന്നു. 2017-ൽ മാത്രം Burden of disease-ന്റെ കണക്കുപ്രകാരം 7.5 ലക്ഷംപേർ നിരോധിത മയക്കുമരുന്നിന്റെ ഉപയോഗംമൂലം മരണപ്പെട്ടിട്ടുണ്ട്. വ്യാപാരത്തിലൂടെ

ഇത്രയും പണം കണ്ടെത്തുന്നത് ഒരു രാജ്യാന്തര കുറ്റവാളി ശൃംഖലയാണെന്നത് അതിന്റെ മറ്റുനിലയിലുള്ള പ്രത്യാഘാതങ്ങളെ ക്കുറിച്ചുകൂടി ചിന്തിപ്പിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ആ അന്താരാഷ്ട്ര സംഘത്തിന്റെ ഇടത്താവളമായി കേരളത്തെ മാറാൻ അനുവദിക്കരുത്. കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ, സിംബാബ്‌വെയിൽനിന്നും നാട്ടിലെത്തിയ ഒരു മലയാളിയിൽനിന്നും 32 കോടി രൂപയുടെ ലഹരിമരുന്നാണ് പിടികൂടിയത്. ഈ ലഹരിവസ്തു ഡൽഹിയിൽവച്ച് ഏറ്റുവാങ്ങാൻ നിയോഗിക്കപ്പെട്ടിരുന്നത് നൈജീരിയൻ സ്വദേശിയായ ഒരു യുവതിയായിരുന്നു. ലഹരി മാഫിയയുടെ അന്താരാഷ്ട്ര സ്വഭാവം സൂചിപ്പിക്കാനാണ് ഞാൻ ഈ പ്രത്യേക സംഭവം ഉദാഹരണമായി പറഞ്ഞത്. ആഗോള മാഫിയയുടെ പ്രാദേശിക പ്രത്യാഘാതങ്ങളിലേയ്ക്ക് വന്നാൽ, കണ്ണൂർ സ്വദേശിയായ ഒരു സ്കൂൾ വിദ്യാർത്ഥിനി കഴിഞ്ഞ ദിവസം നടത്തിയ വെളിപ്പെടുത്തലുകൾ നമ്മെ നടുക്കുന്നതാണ്. ഒൻപതാം ക്ലാസുകാരൻ മയക്കുമരുന്നിന് ഇരയാക്കി തനിക്ക് പുറമെ പതിനൊന്നോളം പെൺകുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചുവെന്നാണ് ആ പെൺകുട്ടി വെളിപ്പെടുത്തിയത്. കേസിലെ പ്രതി പതിനാല് വയസ്സുകാരനാണ്. കേരളത്തിലെ ഒരു വിദ്യാലയത്തിലെ കുട്ടികളാണിവർ. എന്തുതരം നാടാണ് കുഞ്ഞുങ്ങൾക്ക് വളരാൻ

നാം ഒരുക്കിക്കൊടുക്കുന്നത്? ഒന്നര വർഷത്തിനിടെ ഇരുപത്തിയൊന്ന് വയസ് തികയാത്ത 3933 പേരെയാണ് വിവിധ ലഹരി വിമുക്തി കേന്ദ്രത്തിലേയ്ക്ക് പ്രവേശിപ്പിച്ചത്. അതിൽ 40 ശതമാനംപേരും പതിനെട്ട് വയസിനുതാഴെ പ്രായമുള്ളവരാണ്. ജനുവരി മുതൽ ജൂൺ മാസംവരെ ഇരുപത്തിയൊന്ന് വയസിനുതാഴെ പ്രായമുള്ളവരുടെ 389 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. യുവതീ-യുവാക്കൾ ഒരുപോലെ ഇത്തരം റാക്കറ്റിന്റെ കണ്ണികളാണ്, യുവതീ-യുവാക്കൾ ഒരുപോലെ അറസ്റ്റ് ചെയ്യപ്പെടുന്ന കേസുകളിൽ ക്യാരിയർമാരുമാണ്. തൊടുപുഴയിലെ ലോഡ്ജിൽനിന്നും ലഹരിക്ക് അടിപ്പെട്ട് ബോധമില്ലാതെ അലറിക്കരഞ്ഞുകൊണ്ട് പോലീസ് സ്റ്റേഷനിലേയ്ക്ക് കയറിവരുന്ന ഒരു യുവതി, എം.ഡി.എം.എ.-യും മറ്റ് ലഹരി വസ്തുക്കളും കൈമാറ്റം ചെയ്യുമ്പോൾ പിടിയിലായ എ.ആർ. ക്യാമ്പിലെ ഒരു സിവിൽ പോലീസ് ഓഫീസർ - ഇവരെയെല്ലാം ആഴവും പരപ്പും നിറഞ്ഞ മഞ്ഞുമലയുടെ തുമ്പായി മാത്രം കാണേണ്ടതാണ്. കഴിഞ്ഞ ദിവസത്തെ പത്രങ്ങളിലും ചാനലുകളിലും കണ്ടതാണ്, ഗ്യാസ് സിലിണ്ടർകൊണ്ട് അമ്മയെ തലയ്ക്കടിച്ചുകൊന്ന ഒരു മകൻ, ആ കേസിലെ പ്രതി ലഹരിക്ക് അടിമയാണ്. കൊച്ചി കാക്കനാട് ഫ്ലാറ്റിലെ യുവാവ് കൊല്ലപ്പെട്ട സംഭവത്തിന്റെ അന്വേഷണവും എത്തിനിൽക്കുന്നത് മയക്കുമരുന്ന് മാഫിയയിലേയ്ക്കാണ്. ഈ വിഷയം സഭയിൽ

അവതരിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രമുഖ കലാലയങ്ങളിലെയും ഹയർ സെക്കന്ററി സ്കൂളുകളിലെയും പ്രിൻസിപ്പാൾമാരുമായും മറ്റ് നിരവധി ആളുകളുമായും വ്യക്തിപരമായി ഞാൻ സംസാരിച്ചു. അവരെല്ലാം ഭയത്തോടും ആശങ്കയോടുംകൂടി പങ്കുവയ്ക്കുന്നത് സ്കൂൾ വിദ്യാർത്ഥികളിലെയടക്കം ലഹരി ഉപയോഗത്തിന്റെ അപകടകരമായ അവസ്ഥയെക്കുറിച്ചാണ്. ഇക്കാര്യം പുറത്തുപറഞ്ഞാൽ സ്ഥാപനത്തിന്റെ പേര് മോശമാകുമെന്ന് കരുതി പലരും രക്ഷകർത്താക്കളെ സ്കൂളിലേയ്ക്ക് വിളിച്ചുവരുത്തി പരിഹരിക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. അതിന്റെ അപകടം വളരെ വലുതാണ്. പഞ്ചാബ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ മയക്കുമരുന്ന് കേന്ദ്രമായ സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. ഇത് ഞാൻ പറയുന്നതല്ല, "Kerala in race to become country's drug capital" എന്നത് ഇന്ത്യൻ എക്സ്പ്രസ് പത്രത്തിൽ വന്ന വാർത്തയുടെ തലക്കെട്ടാണ്. 2016-ൽ NDPS ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തത് 5924 കേസായിരുന്നെങ്കിൽ 2022 ജൂൺ മാസംവരെ ആറുമാസംകൊണ്ട് അത് 11714 കേസുകളായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമ്പോൾ കണക്കുകൾക്ക് കുറച്ചുകൂടി വ്യക്തത വരും. കാരണം ആധികാരിമായ കണക്കുകൾ ലഭ്യമായിട്ടുള്ളത് അദ്ദേഹത്തിനാണ്. 2018-2020 കാലയളവിൽ സംസ്ഥാനത്തുനിന്ന് പിടിച്ചെടുത്ത ലഹരി മരുന്നിന്റെ അളവിൽ 122 ശതമാനം വർദ്ധനവാണുള്ളത്.

ഇതിൽ ബഹുതലങ്ങളിലുള്ള ഇടപെടൽ ആവശ്യമുണ്ട്. ഇത് പ്രതിപക്ഷ ഭരണപക്ഷ രാഷ്ട്രീയ ആരോപണ പ്രത്യാരോപണ വിഷയമായി ഞങ്ങൾ കാണുന്നില്ല. ഇക്കാര്യത്തിൽ പ്രതിപക്ഷനേതാവിനും ശ്രീ. രമേശ് ചെന്നിത്തലയ്ക്കുമെല്ലാം ഇതേ സമീപനം തന്നെയാണുള്ളത്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് എന്നരൂപത്തിൽ ക്യാമ്പസ് കേന്ദ്രീകരിച്ചുകൊണ്ട് നിരവധി പ്രോഗ്രാമുകൾ നടത്തി. ഇവിടെ ക്രമസമാധാന പ്രശ്നമെന്ന നിലയിൽ ഈ വ്യാപനത്തിന്റെ ശൃംഖലയെ നേരിടണം. അന്തർസംസ്ഥാന തലത്തിലും രാജ്യാന്തരതലത്തിലുമുള്ള കണ്ണികളെ കണ്ടെത്താനും Dark web പോലെയുള്ള സാങ്കേതികവിദ്യയുടെ സാധ്യതകളെ ദുരുപയോഗം ചെയ്യുന്ന സാഹചര്യങ്ങൾ നേരിടാനും തയ്യാറാകണം. പക്ഷെ അതിൽ ഒതുങ്ങുന്നതല്ല നമ്മുടെ ഉത്തരവാദിത്തം. മയക്കുമരുന്നിനോടുള്ള വിവിധ ലോക രാജ്യങ്ങളുടെ പോരാട്ടത്തിന് നിരവധി ഉദാഹരണങ്ങളുണ്ട്, മയക്കുമരുന്നിനെ ക്രമസമാധാന പ്രശ്നമായി കാണുന്ന അമേരിക്കൻ മോഡലുണ്ട്. അതിനെ ഒരു വ്യക്തിയുടെ തെറ്റായ coping mechanism ആയി കാണുന്ന സ്വിറ്റ്സർലൻഡിന്റെ മോഡലുണ്ട്. ആദ്യത്തേത് വിതരണം തടയുക എന്നതാണെങ്കിൽ രണ്ടാമത്തേത് ഡിമാന്റിനെ നിയന്ത്രിക്കലാണ്. ഇവിടെ ഇവ രണ്ടും നമുക്ക് ആവശ്യമാണ്. ഡിമാന്റിനെ നിയന്ത്രിക്കാൻ ബോധവൽക്കരണം

ആവശ്യമാണ്. പക്ഷെ അതുകൊണ്ടുമാത്രം കാര്യമില്ല. അതിന്റെ മറ്റ് തലങ്ങൾകൂടി നമ്മൾ കാണണം. 2021-ലെ ഇക്കണോമിക് റിവ്യൂ പ്രകാരം രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് 4.8 ശതമാനമാണ്. കേരളത്തിന്റേത് 10 ശതമാനമാണ്. കേരളത്തിൽ ജനസംഖ്യയുടെ നല്ലൊരു ശതമാനം യുവാക്കളാണ്. ജോലിയില്ലായ്മ ഉണ്ടാക്കുന്ന അനിശ്ചിതാവസ്ഥ, അരക്ഷിതത്വം, മനുഷ്യശേഷിയുടെ സമയത്തിന്റെ ഉപയോഗക്കുറവ് ഇതെല്ലാം അപകടകരമായ സാഹചര്യങ്ങളാണ് യുവാക്കൾക്കിടയിൽ സൃഷ്ടിക്കുന്നത്. ഉല്പാദനപരമായി യുവാക്കളുടെ ഊർജ്ജം ഉപയോഗപ്പെടുത്താൻ കഴിയുന്നില്ലെന്നത് മാത്രമല്ല സർഗ്ഗാത്മകമായി, ക്രിയാത്മകമായി ഇടപെടാൻ സാഹചര്യങ്ങളില്ലാതാകുന്നതും വെല്ലുവിളിയാണ്. പണ്ടുകാലത്ത് വായനശാലകൾ, ഗ്രാമീണ സാംസ്കാരിക പ്രവർത്തനങ്ങൾ, റൂറൽ തിയേറ്റർ ഗ്രൂപ്പുകൾ എന്നിങ്ങനെ നിരവധി സാമൂഹിക സാംസ്കാരിക ഇടപെടലുകൾ ചെറുപ്പക്കാരുടെ നേതൃത്വത്തിൽ ഗ്രാമങ്ങളിൽ ഉണ്ടാകുമായിരുന്നു. സാംസ്കാരിക കൂട്ടായ്മകൾ വഹിച്ച ദൗത്യത്തെ ഇന്ന് എങ്ങനെ നിർവഹിക്കപ്പെടണമെന്നുള്ള നയം, നയപരമായിത്തന്നെ നമ്മൾ അന്വേഷിക്കേണ്ടിയിരിക്കുന്നു, വകുപ്പുകളിൽകൂടി നടപ്പിലാക്കേണ്ടിയിരിക്കുന്നു. ജീവിതത്തിന്റെ ഉന്നതമായ നിലയിലുള്ള അനുഭൂതികളെ മനസ്സിലാക്കാനോ മനുഷ്യബന്ധങ്ങളെ കൂടുതൽ സെൻസിറ്റീവായും സൗന്ദര്യാത്മകവുമായി കാണാനും

സഹായിക്കുന്ന പ്ലാറ്റ്ഫോമുകൾ സോഷ്യൽ എഞ്ചിനീയറിംഗിന്റെ ഭാഗമായി മാറേണ്ടതാണ്. അത്തരത്തിലുള്ള പുരോഗമനപരവും സൗന്ദര്യപരവുമായ ഒരു തലത്തെ പ്രതിനിധീകരിക്കുന്നുവെന്ന് നടിക്കുന്ന പലയിടങ്ങളും നമ്മുടെ യുവാക്കളെ എത്തിക്കുന്നത് മയക്കമരുന്നിന്റെയും ശാരീരിക ചൂഷണങ്ങളുടെയും വൈകാരിക ആഘാതങ്ങളുടെയും ലോകത്തേയ്ക്കാണെന്ന സത്യംകൂടി നമ്മൾ തിരിച്ചറിയണം. കുഞ്ഞുങ്ങളുടെ കാര്യത്തിൽ കുടുംബഘടന മാറിയിട്ടുണ്ട്. കുടുംബങ്ങളിൽ ഓരോരുത്തരും നിർവഹിക്കപ്പെടുന്ന റോളുകൾ മാറിയിട്ടുണ്ട്. കോവിഡ് കാലത്തെ ഓൺലൈൻ പഠനങ്ങളുടെ സങ്കീർണ്ണതകളുമുണ്ട്. ഇതിനെയെല്ലാം ഒരുമിച്ച് അഡ്രസ് ചെയ്യണം. ഫോൺ നിരീക്ഷിക്കുക, ബാഗ് പരിശോധിക്കുക എന്നതിലേയ്ക്കപ്പുറം കുട്ടികളുടെ മാനസികാരോഗ്യം പരിഗണിക്കാനും അവർക്ക് കാര്യങ്ങൾ തുറന്ന് പറയാനുമുള്ള വിശ്വാസവും സ്വാതന്ത്ര്യവും നൽകാൻ സാധിക്കണം. അവരിലേയ്ക്ക് എത്താനുള്ള വിപത്തിന്റെ കണ്ണികളെ മുറിച്ചുമാറ്റാൻ നമുക്ക് കഴിയണം. സമഗ്രമായ രൂപത്തിൽ പരിശോധിക്കേണ്ടതും പരിഗണിക്കേണ്ടതുമായ വിഷയമായാണ് ഇതിനെ കാണുന്നത്. ഇത് നിയമപരമായി നടപ്പിലാക്കുന്നതിലെ ചില ന്യൂനതകൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താം. അത് പരിഹരിക്കാൻ സാധിക്കുന്നതാണ്. സ്കൂൾ പരിസരത്ത് മയക്കമരുന്ന് വിൽക്കുന്ന ക്രിമിനലുകൾ, സ്കൂൾ കുട്ടികൾക്ക്

മയക്കമരുന്ന് കൊടുക്കുന്ന ക്രിമിനലുകൾ ഇവരെ പോലീസ് അറസ്റ്റ് ചെയ്യുമ്പോൾ ജൂവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം 77, 78 വകുപ്പ് ചുമത്തിയാൽ ഏഴ് വർഷംവരെ ഇവർക്ക് തടവ് ശിക്ഷ ലഭിക്കും. എന്നാൽ ഇപ്പോൾ പിടിയിലാകുന്നവർക്ക് വേഗം ജാമ്യം കിട്ടുന്നതിനാൽ ഇതേ ആളുകൾതന്നെ ഇതേ കുറ്റം വീണ്ടും കുട്ടികളോട് ചെയ്യുന്നു. സ്കൂൾ പരിസരത്ത് മയക്കമരുന്ന് വിൽക്കുന്നവർ, വിതരണം ചെയ്യുന്നവർ, ഇതിൽ ഉൾപ്പെടുന്നവർ അവരെയെല്ലാം ജെ.ജെ. ആക്ട് 78 പ്രകാരം ബുക്ക് ചെയ്യണമെന്ന് പോലീസിന് കർശന നിർദ്ദേശം നൽകണം. എക്സൈസ് ഡിപ്പാർട്ട്മെന്റിന് ജെ.ജെ. ആക്ടിൽ കേസ് ഏറ്റെടുക്കാൻ കഴിയില്ല. അതുകൊണ്ട് ടി ഡിപ്പാർട്ടുമെന്റിന് ജെ.ജെ. ആക്ട് അനുസരിച്ച് കേസ് ഏറ്റെടുക്കാൻ അവകാശമുണ്ടാകണം. അതിനായി എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ സ്റ്റാഫ് സ്ട്രെംഗ്ത് വർദ്ധിപ്പിക്കണം. അതുപോലെ നിരന്തരമായി ഒരേ കേസിൽപ്പെടുന്ന ആളുകൾക്കെതിരെ കാപ്പ ചുമത്താൻ കഴിയണം. ഇത്തരത്തിൽ നിയമങ്ങളുടെ പാളിച്ചകൾ കണ്ടെത്തി അത് കർശനമായി നടപ്പിലാക്കണം. അങ്ങയുടെ സ്വപ്നം നവകേരള സൃഷ്ടിയാണ്. സൂക്ഷിച്ചില്ലെങ്കിൽ നവ മലയാളിയുടെ, യുവാക്കളുടെ ഔദ്യോഗിക ആനന്ദമാർഗ്ഗം എം.ഡി.എം.എ. ആകും. തിരുവനന്തപുരം നഗരത്തിലെ ഒരു പ്രമുഖ വിദ്യാലയത്തിലെ രക്ഷകർത്താവിന്റെ ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തലുകൾ

വളരെ പേടിയോടുകൂടിയാണ് നാം കേട്ടത്. വീണ്ടും ഞാൻ ആവർത്തിക്കുന്നു, നമ്മുടെ കുഞ്ഞുങ്ങൾക്ക് വളരാൻ നാം എന്തുതരം കേരളമാണ് ഒരുക്കുന്നത്? ഇതിനെ രാഷ്ട്രീയ കക്ഷി വ്യത്യാസമില്ലാതെ പ്രതിപക്ഷ ഭരണപക്ഷ ഭേദമില്ലാതെ ഒരുമിച്ച് നേരിടാനുള്ള നടപടിയുണ്ടാകണം. അതുകൊണ്ട് ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം പ്രസ്താവിച്ച കാര്യം വളരെ പോസിറ്റീവായിത്തന്നെയാണ് സർക്കാർ എടുക്കുന്നത്. കാരണം ഇതൊരു സർക്കാർ ഭരണപക്ഷ പ്രതിപക്ഷ വിഷയമല്ല, കേരളീയ സമൂഹം നേരിടുന്ന അതീവ ഗൗരവമായ ഒരു വിഷയമാണ്. അതിനെ അതിന്റേതായ ഗൗരവത്തിൽത്തന്നെയാണ് സർക്കാർ കാണുന്നത്. ഇതുമായി ബന്ധപ്പെട്ട് ഇവിടെ സംസാരിക്കുമ്പോൾ കൂടുതൽ കാര്യങ്ങൾ പറയേണ്ടിവരുമെന്നാണ് തോന്നുന്നത്. വിവിധ രീതിയിൽ നമ്മൾ ഈ വിഷയത്തെ സമീപിക്കേണ്ടതുണ്ട്. അതിലൊന്ന്, ഇത് ബോധപൂർവ്വം ചെയ്യുന്ന കുറ്റമാണ്. പണസമ്പാദനത്തിനുവേണ്ടി ഏത് ഹീനമാർഗ്ഗവും സ്വീകരിക്കാൻ തയ്യാറാകുന്ന ശക്തികൾ നിസാരന്മാരായിരിക്കില്ല. അത്തരം ആളുകളാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്. നിലവിലുള്ള പരിശോധനാ രീതിയിൽ, അന്വേഷണ

രീതിയിൽ, കേസ്സുകൾ ചാർജ്ജ് ചെയ്യുന്ന രീതിയിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന് സർക്കാർ കാണുന്നു. അദ്ദേഹം സൂചിപ്പിച്ചതുപോലെ നാർക്കോട്ടിക് കേസ്സുകളിൽ നേരത്തെ ശിക്ഷിക്കപ്പെട്ട പ്രതികളെക്കുറിച്ചുള്ള വിവരം ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിക്കുന്ന കുറ്റപത്രത്തിൽ അത്രത്തോളം വ്യക്തമാക്കുന്നില്ല. NDPS നിയമത്തിലെ 31, 31 A വകുപ്പുകൾ പ്രകാരമുള്ള ഉയർന്ന ശിക്ഷ ഉറപ്പുവരുത്താൻ ഇത് ആവശ്യമാണ്. അക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവിടെ ചാർജ്ജ് ചെയ്യുന്ന അല്ലെങ്കിൽ കോടതിയിലേയ്ക്ക് പോകുന്ന കേസ്സുകളിൽ നേരത്തെ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആ വിവരങ്ങൾകൂടി ഉൾപ്പെടുത്തണം. അങ്ങനെ NDPS നിയമത്തിലെ 31, 31 A വകുപ്പുകൾ പ്രകാരമുള്ള ഉയർന്നശിക്ഷ ഉറപ്പുവരുത്താൻ കഴിയണം. അതോടൊപ്പം കുറ്റകൃത്യങ്ങളിൽ ഉൾപ്പെടില്ലെന്ന് വ്യക്തമാക്കുന്ന ബോണ്ട് വാങ്ങാൻ സാധിക്കും. ആ ബോണ്ട് വാങ്ങുന്നതിന് NDPS നിയമത്തിലെ 34-ാം വകുപ്പ് അധികാരം നൽകുന്നുണ്ട്. പക്ഷേ അത് സാർവ്വത്രികമായി ഉപയോഗിക്കുന്നില്ല. ഇക്കാര്യത്തിലും ശക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇനി മുതൽ ഈ പറയുന്ന കുറ്റകൃത്യങ്ങളിൽ ഉൾപ്പെടില്ലെന്ന് പറഞ്ഞുകൊണ്ടുള്ള ബോണ്ട് പ്രതികളിൽനിന്ന്

വാങ്ങേണ്ടതാണ്. NDPS നിയമത്തിലെ 34-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതേപോലെ പ്രധാനപ്പെട്ടൊരു കാര്യം 1988-ൽ Prevention of Illicit Traffic in Narcotic Drugs and Psychotropic Substances Act, PITNDPS എന്നപേരിൽ അറിയപ്പെടുന്ന പ്രത്യേക നിയമം പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതനുസരിച്ച് സ്ഥിരം കുറ്റവാളികളെ രണ്ട് വർഷംവരെ വിചാരണ കൂടാതെ കരുതൽ തടങ്കലിൽ പാർപ്പിക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ അധികാരമുണ്ട്. നാം ഇപ്പോൾ അത് ഉപയോഗിക്കുന്നില്ല. ഇക്കാര്യത്തിലും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള ആളുകളെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. അത് സംസ്ഥാന സർക്കാരിലെ സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥനാണ് നൽകേണ്ടത്. കുറ്റവാളികൾക്കെതിരെ മയക്കുമരുന്ന് സംഘത്തിലെ സ്ഥിരം കുറ്റവാളികൾക്കെതിരെ PITNDPS ആക്ട് പ്രകാരമുള്ള ശിപാർശകൾ സമർപ്പിക്കാൻ പോലീസ് ഉദ്യോഗസ്ഥരും എക്സൈസ് ഉദ്യോഗസ്ഥരുമാണ് തയ്യാറാകേണ്ടത്. ആ നിർദ്ദേശവും നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പരാമർശിച്ച കാപ്പ

നിയമപ്രകാരമുള്ള, കാപ്പ രജിസ്റ്റർ തയ്യാറാക്കുന്ന രീതിയുണ്ട്. അതുപോലെ NDPS ആക്ടിലെ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ ഡാറ്റാ ബാങ്ക് തയ്യാറാക്കേണ്ടതായിട്ടുണ്ട്. അത് സബ്ഡിവിഷൻ തലത്തിലോ ജില്ലാതലത്തിൽ നാർക്കോട്ടിക് സെൽ ഡിവൈ.എസ്.പി.-യുടെയോ എക്സൈസ് അസിസ്റ്റന്റ് കമ്മീഷണറുടെയോ മേൽനോട്ടത്തിൽ ആവശ്യമായ അപ്ഡേഷൻ വരുത്തി സൂക്ഷിക്കണം. ഇക്കാര്യത്തിലും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ബോണ്ട് വാങ്ങേണ്ടത് എസ്.എച്ച്.ഒ.-മാരും എക്സൈസ് ഇൻസ്പെക്ടർമാരുമാണ്. അതത് പോലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ.-മാരും അതത് സ്ഥലങ്ങളിലെ എക്സൈസ് ഇൻസ്പെക്ടർമാരും ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. NDPS ആക്ടിലെ 31, 31A വകുപ്പുകൾ പ്രകാരം നടപടി പരമാവധി ഉപയോഗിക്കുന്നതിന് പോലീസ് എക്സൈസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ചില ഘട്ടത്തിൽ വളരെ കടുത്ത പ്രചരണ പരിപാടികൾ നമ്മൾ എടുക്കാറുള്ളതുപോലെ അടുത്ത ആഴ്ചകളിൽ ഇതുമായി ബന്ധപ്പെട്ട സ്പെഷ്യൽ ഡ്രൈവ്, ഈ നടപടികളുമായി മുന്നോട്ടുനീങ്ങുന്ന തരത്തിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. NDPS ആക്ടിലെ 34 വകുപ്പ്

പ്രകാരം ബോണ്ട് വയ്പ്പിക്കുക, മയക്കുമരുന്ന് കേസ്സിൽ പതിവായി ഉൾപ്പെടുന്നവരെ PITNDPS ആക്ട് പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുക തുടങ്ങിയ നടപടികൾക്കാണ് ഒരു സ്പെഷ്യൽ ഡ്രൈവ് അടുത്ത ദിവസംമുതൽ സംസ്ഥാനത്താകെ നടത്താൻ തീരുമാനിച്ചിട്ടുള്ളത്. സ്പെഷ്യൽ ഡ്രൈവിന് മുന്നോടിയായി നാർക്കോട്ടിക് സെൽ ഡിവൈ.എസ്.പി.-മാർക്കും കേരള ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സിലെ അംഗങ്ങൾക്കും എക്സൈസ് അസിസ്റ്റന്റ് കമ്മീഷണർമാർ, എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവർക്കും സംസ്ഥാന തലത്തിൽ PITNDPS ആക്ടിലെയും NDPS ആക്ടിലെയും ബന്ധപ്പെട്ട വകുപ്പുകളെക്കുറിച്ചും അതിന്റെ പ്രായോഗികതയെക്കുറിച്ചും പരിശീലനം നൽകേണ്ടതുണ്ട്. ഇവരെല്ലാം ഇതെല്ലാം അറിഞ്ഞിരിക്കേണ്ടതാണെങ്കിലും പലരും അറിഞ്ഞിട്ടില്ലെന്നുവരാം. അതുകൊണ്ട് സംസ്ഥാനതലത്തിൽ അവർക്ക് ആവശ്യമായ പരിശീലനങ്ങൾ എത്രയുംവേഗം നടത്തേണ്ടതുണ്ട്. ജില്ലാതലത്തിൽ എസ്.എച്ച്.ഒ.-മാർ സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർ, എക്സൈസ് ഇൻസ്പെക്ടർമാർ എന്നിവർക്ക് ജില്ലാതലത്തിലും ഇതേ പരിശീലനം നൽകണമെന്ന് നിർദ്ദേശം നൽകിക്കഴിഞ്ഞു.

മയക്കുമരുന്ന് കേസ്സുകളിൽ ഒന്നിലധികം തവണ ഉൾപ്പെടുന്നവരുടെ വ്യക്തിപരമായ വിവരശേഖരണം നടത്തി അവരുടെ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി പോലീസ് സ്റ്റേഷനുകളിലും എക്സൈസ് റേഞ്ച് ഓഫീസുകളിലും സൂക്ഷിക്കണം. അവരെ നിരന്തരം നിരീക്ഷിക്കുന്ന നിലയുണ്ടാകണം. ട്രെയിനുകളിൽ സ്നിഫർ ഡോഗിനെപ്പോലെയുള്ള സംവിധാനമടക്കം ഉപയോഗിച്ചുകൊണ്ട് ഇത് തടയുന്നതിനുള്ള നടപടികളും പരിശോധനയും ശക്തിപ്പെടുത്തണം. ഇത്തരം നടപടികൾകൊണ്ടുമാത്രം എല്ലാം തീരുമെന്ന് പറയാനാകില്ല. അത്രകണ്ട് വ്യാപനമാണ് ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്നത്. അതുകൊണ്ടുതന്നെ കൂടുതൽ ശക്തമായ പ്രവർത്തനങ്ങൾ നടത്താൻ കഴിയണം. കേസിന്റെ വർദ്ധനവിനെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞു; അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കേസ് വൻതോതിൽ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഏകോപിതവും സംഘടിതവുമായ ഒരു രൂപമുണ്ടാകണം. നാട് ഒന്നടങ്കം അണിനിരന്നുകൊണ്ടുള്ള നീക്കമാണ് അതിന് ആവശ്യമായി വരുന്നത്. ക്യാമ്പയിന്റെ ഭാഗമായി ലഹരിക്കെതിരായ പോരാട്ടത്തിൽ എല്ലാ വിഭാഗം ജനങ്ങളെയും അണിനിരത്താനാകണം. വിദ്യാർത്ഥികൾ, യുവാക്കൾ,

മഹിളകൾ, കുടുംബശ്രീ പ്രവർത്തകർ, ജാതിമത സംഘടനകൾ, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, സാമൂഹിക സാംസ്കാരിക സംഘടനകൾ, വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, മറ്റ് പ്രാദേശിക കൂട്ടായ്മകൾ എന്നിങ്ങനെ ഏതെല്ലാം സംവിധാനങ്ങളുണ്ടോ അവയെല്ലാം ഇതിന്റെ ഭാഗമായി അണിനിരത്തിക്കൊണ്ട് വ്യക്തമായ രൂപരേഖ തയ്യാറാക്കി ഇക്കാര്യത്തിൽ നല്ല പ്രചരണം നൽകുന്നതിനുവേണ്ടി നീങ്ങാൻ കഴിയേണ്ടതുണ്ട്. ഇന്ന് ആഗസ്റ്റ് 31 ആണ്. ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ സംസ്ഥാനത്ത് ലഹരി വിരുദ്ധ പ്രചരണത്തിനുവേണ്ടി ഉപയോഗപ്പെടുത്താൻ കഴിയും. നാടാകെ അത്തരത്തിലുള്ള പരിപാടികൾ സംഘടിപ്പിക്കാനാകും. ആ ദിവസംതന്നെ സ്കൂളുകൾ, കോളേജുകൾ, മറ്റ് ടെക്നിക്കൽ സ്ഥാപനങ്ങൾ, പ്രൊഫഷണൽ സ്ഥാപനങ്ങൾ തുടങ്ങിയ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇതുമായി ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിക്കാൻ കഴിയും. വിദ്യാലയങ്ങൾക്കുചുറ്റും വലിയ സന്ദേശമായി മാറുന്ന തരത്തിൽ ലഹരി വിരുദ്ധ സംരക്ഷണ ശൃംഖല എല്ലാവരുടെയും സഹകരണത്തോടുകൂടി തീർക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കാവുന്നതാണ്.

അതോടൊപ്പം, ഇതുമായി ബന്ധപ്പെട്ട് നടത്തുന്ന പരിപാടിയുടെ സന്ദേശം വിക്ടേഴ്സ് ചാനൽ വഴി എല്ലാ ക്ലാസ്സുകളിലും നൽകാനാകും. ഈ സന്ദേശം പരത്തുന്ന ഹ്രസ്വസിനിമകൾ, വീഡിയോയുടെ സഹായത്തോടെ ഒരുമണിക്കൂർ നിണ്ടുനിൽക്കുന്ന ലഹരി വിരുദ്ധ ക്ലാസ് എന്നിവയിലൂടെ ഈ രംഗത്ത് പ്രാദേശികമായി എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്ന് പറയുന്നതിനുള്ള ഒരു സംവിധാനവും സംഘടിപ്പിക്കാൻ കഴിയുന്നതാണ്. ഗാന്ധിജയന്തി ആഘോഷങ്ങൾ വലിയ തോതിൽ ലഹരി വിരുദ്ധ ക്യാമ്പയിനായി നാടാകെ അണിനിരന്നുകൊണ്ട് സംഘടിപ്പിക്കും. എല്ലാ വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ വിവിധ പരിപാടികൾ ആസൂത്രണം ചെയ്യാൻ കഴിയും. റോൾ പ്ലേ, സ്കിറ്റ്, ലഹരി വിരുദ്ധ കവിതാലാപനം, കഥാവായന, ചെറിയ പ്രസംഗങ്ങൾ, പോസ്റ്റർ രചന, പ്രാദേശിക സാധ്യതകൾ എന്തെല്ലാമുണ്ടോ അതെല്ലാം ഉപയോഗിച്ചുകൊണ്ടുള്ള വിവിധ പരിപാടികൾ വിവിധ തരത്തിൽ ആസൂത്രണം ചെയ്യാൻ സാധിക്കും. ഇങ്ങനെയെല്ലാം ചെയ്യുന്നതോടൊപ്പം ഓരോ പ്രദേശത്തും പ്രതീകാത്മകമായി മറ്റൊരു കാര്യംകൂടി ചെയ്യാനാകും. അതായത് പ്രതീകാത്മകമായി ലഹരി ഉല്പന്നങ്ങൾ കുഴിച്ചുമൂടുന്ന ഒരു പ്രതീകാത്മക

ചടങ്ങും പ്രചരണാർത്ഥം സംഘടിപ്പിക്കാവുന്നതാണ്. അതോടൊപ്പം ശ്രദ്ധിക്കേണ്ട കാര്യം, എൽ.പി. സ്കൂൾ മുതൽ പ്രൊഫഷണൽ കോളേജുവരെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പി.ടി.എ.-യുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ജനജാഗ്രത സമിതികൾ രൂപീകരിക്കണമെന്നതാണ്. അതിൽ സ്കൂളുകളുടെ കാര്യത്തിൽ, പ്രാദേശിക കൂട്ടായ്മയുടെ പ്രതിനിധികൾ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, അവിടെയുള്ള പ്രധാന സംഘടനകളുടെ പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ എന്നിവരെല്ലാം ജനജാഗ്രതാ സമിതിയിൽ ഉണ്ടാകുന്നത് നന്നായിരിക്കും. അപ്പോൾ വിദ്യാലയത്തിനകത്തായാലും പുറത്തായാലും ജാഗ്രതയോടെ ഇടപെടാനുള്ള ഒരു പ്രവർത്തന രൂപരേഖ തയ്യാറാക്കാനാകും. കേരളത്തിലെ പല സ്കൂളുകളും പൊതുവേ മറയോ, മതിലുകളോ ഇല്ലാത്തവയാണ്. അതിനാൽ മയക്കുമരുന്ന് വ്യാപാരം നടത്തുന്നവർക്ക് സ്കൂൾ കോമ്പൗണ്ടിനകത്ത് ചെല്ലാൻ സാധിക്കും.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, NDPS Act (Narcotic Drugs and Psychotropic Substances Act) അനുസരിച്ച് ഒരു കിലോയ്ക്ക് താഴെ കഞ്ചാവ് കയ്യിൽ വയ്ക്കാമെന്ന് കേന്ദ്ര നിയമമുണ്ട്. അതിനാൽ കഞ്ചാവ് ദുരുപയോഗം

ചെയ്യാൻ സാധിക്കുന്നതിനിടവരുമെന്നാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. അത് ചെറിയ അളവിലാക്കി ആളുകളുടെയിടയിൽ വിതരണം ചെയ്യുകയാണ്. അതിൽ സംസ്ഥാന ഗവൺമെന്റിന് ഒന്നും ചെയ്യാൻ സാധിക്കില്ല. അതിനാൽ ഈ നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണം. കാരണം ഇത് മരുന്നുണ്ടാക്കാനാണെന്ന് വ്യാജമായി പറഞ്ഞാണ് എൻ.ഡി.പി.എസ്. ആക്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനാൽ ഈ നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അതെല്ലാം ചെയ്യാം. കാരണം നമ്മുടെ നാട് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രായോഗികമായി എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യാം. പറഞ്ഞ നിർദ്ദേശം തികച്ചും സ്വാഗതാർഹമാണ്. എല്ലാ വിദ്യാലയങ്ങൾക്കും മതിലില്ലാത്തതിനാൽ വ്യാപാരികൾക്ക് അകത്തേയ്ക്ക് കടക്കാൻ സാധിക്കും. അക്കാര്യത്തിൽ അദ്ധ്യാപക- രക്ഷകർത്തൃസമിതിയും നാട്ടുകാരുമെല്ലാം ചേർന്ന് അവിടത്തെ പ്രയോഗികതയ്ക്കനുസരിച്ച് എന്താണോ ചെയ്യാൻ

സാധിക്കുന്നത് അത് ചെയ്യേണ്ടതുണ്ട്. അത്തരം ആളുകൾക്ക് കുട്ടികളിലേയ്ക്ക് എത്താൻ സാധിക്കാതിരിക്കണം. അതിനുള്ള തടയൽ നിർബന്ധമായും ഉണ്ടാകണം. അവിടെ പോലീസിന്റെയും എക്സൈസിന്റെയുമൊക്കെ സാന്നിധ്യം ഉണ്ടാവുന്ന തരത്തിലുള്ള നടപടി സ്വീകരിക്കാവുന്നതാണ്. അതോടൊപ്പം, എൻ.സി.സി, സ്റ്റുഡൻസ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്, സ്ക്കൗട്ട് ആൻഡ് ഗൈഡ്സ്, ജെ.ആർ.സി (ജൂനിയർ റെഡ് ക്രോസ്), വിമുക്തി ക്ലബ്ബുകൾ തുടങ്ങിയ വിവിധ സംവിധാനങ്ങളെ ലഹരി വിരുദ്ധ ക്യാമ്പയിനുവേണ്ടി നല്ല രീതിയിൽ പ്രയോജനപ്പെടുത്താം. എന്നാൽ കോളേജുകളിലാണെങ്കിൽ ശ്രദ്ധ, നേർക്കൂട്ടം എന്നിങ്ങനെ ചില സംവിധാനങ്ങളുണ്ട്. അതിലൂടെയുള്ള പ്രവർത്തനങ്ങൾ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉറപ്പാക്കാവുന്നതാണ്. ഇത്തരം കാര്യങ്ങളിൽ ഈ രംഗത്ത് എങ്ങനെ നീങ്ങണമെന്നതിനെക്കുറിച്ച് പ്രത്യേക പരിശീലനം നൽകുന്ന രീതിയുണ്ടാകണം. അതോടൊപ്പം, ഗാന്ധിജയന്തി ദിനത്തിൽ ബസ് സ്റ്റാന്റുകൾ, വലിയ തോതിൽ ആളുകൾ കൂടിച്ചേരുന്ന കവലകൾ, ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ എന്നിവിടങ്ങളിലെല്ലാം നല്ല പ്രൊജക്ടറുകൾ ഉപയോഗിച്ചുകൊണ്ട് സന്ദേശം പ്രചരിപ്പിക്കാനുള്ള സംവിധാനം

ഒരുക്കാനാകണം. അതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് മുൻകയ്യെടുക്കേണ്ടത്. കൂടാതെ, ലഹരി വരുദ്ധ ജനജാഗ്രതാ സദസ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന നിലയുണ്ടാകണം. അവിടെയും ചെറിയ സിനിമകൾ, വീഡിയോ സഹായത്തോടെയുള്ള ലഹരി വിരുദ്ധക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനമേധാവി അദ്ധ്യക്ഷനായും ആ സ്ഥലത്തെ എക്സൈസ്/പോലീസ് ഉദ്യോഗസ്ഥനെ കൺവീനറാക്കിയും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതി രൂപീകരിക്കാനാകണം. വാർഡ് തലത്തിലും ഇത്തരം സമിതികൾ രൂപീകരിക്കണം. ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ എന്നിവിടങ്ങളിലൊക്കെ യൂണിറ്റുകൾ ഉണ്ടാക്കണം. അങ്ങനെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വിപുലമായ ഒരു ഇടപെടൽ ഇതിനകത്ത് നടക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പം, എല്ലാ കുടുംബശ്രീ യൂണിറ്റുകളിലും ലഹരിയുടെ വിപത്ത് സംബന്ധിച്ച പ്രത്യേക ചർച്ച സംഘടിപ്പിക്കാനാകണം. ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി പ്രത്യേക യൂണിറ്റ് യോഗങ്ങൾ ചേരുന്ന നിലയുണ്ടാകണം.

അതിനോടൊപ്പംതന്നെ ഏതെങ്കിലും തരത്തിൽ ലഹരിയുടെ വിതരണവും മറ്റുകാര്യങ്ങളുമുണ്ടെങ്കിൽ അതിന് ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥന്റെ ഫോൺനമ്പരും മേൽവിലാസവും കൈമാറുന്നതിന് കഴിയേണ്ടതുണ്ട്. മറ്റൊന്ന്, ആരാധനാലയങ്ങൾക്ക് ഇതിൽ പ്രധാനമായ പങ്കുവഹിക്കാൻ സാധിക്കും. ആരാധനാലയങ്ങൾ .............

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സ്കൂളുകൾക്കും ചുറ്റും മിഠായി വിൽക്കുന്ന കടകളുണ്ട്. മിഠായിക്കകത്ത് മയക്കുമരുന്നുകൾ ചേർത്ത് വിൽക്കുന്നതാണ് ഏറ്റവും ക്രൂരമായ കാര്യം. അത് വാങ്ങികഴിക്കുന്ന കുട്ടികൾ ജീവിതകാലം മുഴുവൻ അതിനടിമയായി പോകുകയാണ്. അതിനാൽ സ്കൂളുകൾക്കുചുറ്റുമുള്ള ഇത്തരം കടകളിൽ പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; നമ്മുടെ നാട്ടിലെ വരുന്ന തലമുറയെ രക്ഷിക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, തീർച്ചയായും. അത് ഞാൻ പറയാൻ വിട്ടുപോയതാണ്. സ്കൂളിനകത്ത് കയറി ലഹരിക്കച്ചവടം നടത്തുന്നത് പൂർണ്ണമായും തടയും. സ്കൂളിന് പുറത്തുള്ള ഏതെങ്കിലും കച്ചവട സ്ഥാപനങ്ങളിൽ മയക്കുമരുന്നുമായി ബന്ധപ്പെട്ട എന്തെങ്കിലും വ്യാപാരം

നടന്നാൽ ആ കച്ചവട സ്ഥാപനം പിന്നീട് തുറക്കുന്നതിന് അനുമതി നൽകാതെ പൂർണ്ണമായും പൂട്ടിയിടുന്ന തരത്തിലുള്ള കർശന നടപടിയിലേയ്ക്ക് കടക്കേണ്ടതായിട്ടുണ്ട്.

ആരാധനാലയങ്ങളെക്കുറിച്ചാണ് ഞാൻ പറയാൻ ശ്രമിച്ചത്. ആരാധനാലയങ്ങളിൽ വിശ്വാസികൾ എത്തുന്ന വിശേഷാൽ പരിപാടികളിൽ, അവരോട് ലഹരി വിപത്തിനെ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണമെന്ന് പ്രസ്തുത ആരാധനാലയങ്ങളുടെ അധിപന്മാരോട് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അഭ്യർത്ഥന നടത്താം. അത് നിർബന്ധമായൊരു കാര്യമല്ല. അങ്ങനെയൊരു അഭ്യർത്ഥന അവരുടെ മുന്നിൽ വയ്ക്കാമെന്നാണ് തോന്നുന്നത്. ഇതോടൊപ്പം ഒരു കാര്യം നിർദ്ദേശിച്ചിട്ടുള്ളത്, ഇതുമായി ബന്ധപ്പെട്ട് ജനജാഗ്രതാ സമിതികളുടെ പ്രവർത്തനത്തിന് ആവശ്യമായ കരട് രേഖ തയ്യാറാക്കേണ്ടതുണ്ട്. എസ്.സി.ഇ.ആർ.ടി.-യുടെ സഹകരണത്തോടുകൂടി വിമുക്തി മിഷൻ ഈ സെപ്റ്റംബർ 15-നകം ഇതുമായി ബന്ധപ്പെട്ട ഒരു കരട് രൂപരേഖ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട എല്ലാവർക്കും സെപ്റ്റംബർ 30-നകം പ്രത്യേക അദ്ധ്യാപക പരിശീലനവും നൽകാൻ

നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഹ്രസ്വ സിനിമകളും വീഡിയോകളും നിർമ്മിക്കുന്നതിനുവേണ്ടി പബ്ലിക് റിലേഷൻസ് വകുപ്പിനെ ചുമതലപ്പെടുത്താമെന്നാണ് കരുതുന്നത്. ഇത് സെപ്റ്റംബർ 20-ാം തീയതിക്കകം പൂർത്തീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പരിശീലനം നൽകുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്. ലഹരി ഉപഭോഗത്തിന്റെ വിവിധ രീതികൾ പരിചയപ്പെടുത്തുന്നതാവരുത് പരിശീലനത്തിന്റെ ഉദ്ദേശ്യം. ലഹരി ഉപഭോഗം സൃഷ്ടിക്കുന്ന ശാരീരിക/മാനസിക ആരോഗ്യ പ്രശ്നങ്ങൾ, അതിന്റെ സാമൂഹികാഘാതങ്ങൾ, കുടുംബത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധയൂന്നിക്കൊണ്ടാവണം ആ ക്ലാസും പരിശീലനവും എന്നതും ഇതിന്റെ ഭാഗമായി കണ്ടിട്ടുണ്ട്. വിമുക്തി മിഷൻ എസ്.സി.ഇ.ആർ.ടി.-യുമായി ചേർന്നിറക്കുന്ന മൊഡ്യൂളുകളുടെ കരട് രൂപരേഖ മാത്രമേ ഈ പരിശീലനത്തിന് ഉപയോഗിക്കാൻ പാടുള്ളൂ. തങ്ങൾ പരിശീലകരാണെന്ന് പറഞ്ഞ് തോന്നിയ കാര്യങ്ങൾ പരിശീലിപ്പിക്കുന്ന നിലയുണ്ടാകാൻ പാടില്ല. കൃത്യമായ ഒരു പാഠപുസ്തകം പോലെ ഈ കരട് രൂപരേഖ അടിസ്ഥാനപ്പെടുത്തിയായിരിക്കണം പരിശീലനം നൽകേണ്ടത്.

വിവിധ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ/സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ പൊതു സ്ഥാപനങ്ങളിലെല്ലാം ലഹരി വിരുദ്ധ പോസ്റ്ററുകൾ പതിക്കണം. അതോടൊപ്പം, ലഹരി ഉപഭോഗമോ വിതരണമോ ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം അറിയിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരും ടെലഫോൺ നമ്പരും ആ പോസ്റ്ററിൽ രേഖപ്പെടുത്തണം. കേരളത്തിലെ എല്ലാ വ്യാപാര സ്ഥാപനങ്ങളിലും, പ്രത്യേകിച്ച് സ്കൂളുകൾക്കടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ "ഈ സ്ഥാപനത്തിൽ ലഹരി പദാർത്ഥങ്ങൾ വിൽപന നടത്തുന്നില്ല" എന്നും "ലഹരി വസ്തുക്കൾ ശ്രദ്ധയിൽപ്പെട്ടാൽ ഇന്ന ആളെ ബന്ധപ്പെടുക" എന്ന് സൂചിപ്പിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഫോൺ നമ്പരും വിലാസവും പ്രദർശിപ്പിക്കുകയും വേണം. പോലീസ്/എക്സൈസ് ഉദ്യോഗസ്ഥരുടെ നമ്പരുകളാണ് ഇവിടെ നൽകുന്നത്. ലഹരി ഉപഭോഗവും വിതരണവും സംബന്ധിച്ച വിവരങ്ങൾ സമാഹരിക്കുന്നതിനായി എല്ലാ എക്സൈസ് ഓഫീസുകളിലും കൺട്രോൾ റൂം തുറക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പരാതി ലഭിച്ചാൽ ആ വിവരം രഹസ്യമാക്കി വയ്ക്കണം, പരസ്യപ്പെടുത്താൻ പാടില്ല. ആരാണ് പരാതി നൽകിയതെന്ന കാര്യം പുറത്ത് പറയാൻ പാടില്ല,

വിശദാംശങ്ങൾ രഹസ്യമായി സൂക്ഷിക്കുന്ന കാര്യവും ഉറപ്പാക്കണമെന്ന് നിർദ്ദേശിക്കും. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭിച്ചാൽ പോലീസ് ചടുലമായി പ്രതികരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്പോൾ ഇതിനായി സംസ്ഥാന/ജില്ലാ തലത്തിലും പോലീസ് സ്റ്റേഷൻ അടിസ്ഥാനത്തിലും പ്രത്യേക സംവിധാനം പ്രവർത്തിക്കുന്നുണ്ട്, അത് കൂടുതൽ ഊർജ്ജിതമാക്കണം. ഇക്കാര്യത്തിൽ കർക്കശമായ നടപടി സ്വീകരിക്കുമെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ നമുക്ക് ഒന്നിച്ച് നിൽക്കാനാകണം. ഇപ്പോൾത്തന്നെ ഞാൻ അധിക സമയമെടുത്തു. കൂടുതൽ സമയത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. എല്ലാവരും ഒന്നിച്ച് ചേർന്ന് ഒക്ടോബർ 2 മുതലുള്ള വലിയ ക്യാമ്പയിൻ നടത്താനാകണം. നമ്മുടെ സമൂഹത്തെ ലഹരി മുക്തമാക്കി മാറ്റുന്നതിന് അതിലൂടെയാണ് കഴിയുക. അക്കാര്യത്തിൽ നമുക്ക് ഒന്നിച്ച് നിൽക്കാം എന്നാണ് പറയാനുള്ളത്. നേരത്തെ പറഞ്ഞ പ്രായോഗിക വിഷമം കൂടിയുള്ളതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ കഴിയാതെ വന്നിരിക്കുന്നു.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ സമഗ്രമായ ഒരു വിശദീകരണമാണ് നൽകിയിട്ടുള്ളത്. ലഹരിക്കെതിരായി നമ്മുടെ നാട്

ഒറ്റക്കെട്ടായി യുദ്ധ സന്നാഹത്തിന് ഒരുങ്ങിയിരിക്കുന്നു എന്നുള്ളതാണ് ആ വിശദീകരണത്തിന്റെ സന്ദേശം. ഈ ഗൗരവമുള്ള വിഷയം അത്രയും ഗൗരവത്തോടെയും ഔചിത്യത്തോടെയും അവതരിപ്പിച്ച ശ്രീ. പി. സി. വിഷ്ണുനാഥിനെയും ചെയർ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരിച്ച രീതിയിൽ ഒറ്റക്കെട്ടായി ലഹരിക്കെതിരായിട്ടുള്ള പോരാട്ടത്തിന് തുടക്കം കുറിക്കാനുള്ള ശക്തമായ സന്ദേശമാണ് ഈ നിയമസഭ ഇന്ന് സമൂഹത്തിനാകെ നൽകുന്നതെന്നും പറയാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിച്ച പ്രവർത്തനങ്ങളിൽ നിയമസഭയുടെയും നിയമസഭയുടെ ഭാഗമായ കെ-ലാംപ്സ്, സഭാ ടിവി എന്നിവയുടെയും പങ്കാളിത്തം ഉറപ്പ് വരുത്തുമെന്ന കാര്യംകൂടി അറിയിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, വളരെ ഗൗരവതരമായ ഒരു വിഷയം ഈ സഭയിൽ കൊണ്ടുവരാൻ കഴിഞ്ഞതിലുള്ള

സന്തോഷം ഞാൻ ആദ്യം പ്രകടിപ്പിക്കുകയാണ്. ഇത് നമ്മുടെ സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായി മുൻഗണന നൽകണം. ആഗോളതലത്തിലോ, ദേശീയതലത്തിലോയൊക്കെ ഈ ഭീഷണികളുണ്ടാകാം. പക്ഷേ ഇന്ന് സംസ്ഥാനം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി ഇത് തന്നെയാണ് എന്ന് നമ്മൾ തീരുമാനിക്കണം. എല്ലായിടത്തും നമ്മുടെ കുഞ്ഞുങ്ങൾക്കായി ചതിക്കുഴികൾ ഒരുങ്ങിയിരിക്കുകയാണ്. എവിടെയും ആരുടെ കുഞ്ഞുവേണമെങ്കിലും ചെന്ന് പെടാവുന്ന തരത്തിലുള്ള ചതിക്കുഴികളാണുള്ളത്. മയക്കമരുന്ന് ബിസിനസ്സ് എന്നത് lucrative ബിസിനസ്സാണ്. വലിയ മാർജിൻ കിട്ടുന്ന ബിസിനസ്സാണത്. അതിൽ ഉൾപ്പെട്ട് പിടിക്കപ്പെടുന്നവരും പിന്നീട് അതേ ബിസിനസ്സിലേയ്ക്ക് തന്നെ പോകുകയാണ്. പിന്നീട് ഒരു തരത്തിലും അവരത് അവസാനിപ്പിക്കുന്നില്ല എന്നതാണ് അപകടകരമായ കാര്യം. ഞാൻ കഴിഞ്ഞ ഏഴെട്ട് വർഷക്കാലമായി ഒരു ജനപ്രതിനിധിയെന്നുള്ള നിലയിൽ നിരന്തരമായി ഇക്കാര്യത്തിൽ ബന്ധപ്പെടുന്ന ഒരാളാണ്. എക്സൈസ്, അദ്ധ്യാപകർ, രക്ഷകർത്താക്കൾ എന്നിവരുമായി ചേർന്ന് വളരെ രഹസ്യമായി, കുട്ടികൾ ഉൾപ്പെടുന്ന ഇത്തരം കേസുകളിൽ അവരുടെ

വീടുകളിൽ പോയി സംസാരിച്ചു. തങ്ങളുടെ കുട്ടികൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് പറയുമ്പോൾ മാതാപിതാക്കൾ പൊട്ടിത്തെറിക്കാറാണ് പതിവ് എന്നതാണ് എന്നെ അത്ഭുതപ്പെടുത്തിയിട്ടുള്ളത്. തങ്ങളുടെ കുട്ടികൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അവരൊരിക്കലും വിശ്വസിക്കുന്നില്ല. പല സ്ഥലത്തും പരിചയക്കാരായ മാതാപിതാക്കളെ കണ്ട് സംസാരിക്കുമ്പോൾപ്പോലും ഇതുതന്നെയാണവസ്ഥ. കാരണം മദ്യപിക്കുന്നതുപോലെയല്ല ഇതിന്റെ ഉപയോഗം. നിരന്തരമായി ഉപയോഗിക്കുകയാണെങ്കിലും മറ്റുള്ളവർക്ക് പ്രത്യേകിച്ച് മണമൊന്നും അനുഭവപ്പെടാറില്ല. ഒരു തലവേദനയാണെന്ന് പറഞ്ഞ് വീട്ടിൽ കിടന്നുറങ്ങിയാൽ മതി. മാതാപിതാക്കൾക്കോ സുഹൃത്തുക്കൾക്കോ പോലും കുട്ടികൾ ഇത് ഉപയോഗിക്കുകയാണെന്ന് തിരിച്ചറിയുന്നതിനുള്ള യാതൊരു മാർഗ്ഗവുമില്ലാത്ത അവസ്ഥയാണ് പല സ്ഥലത്തും കാണാൻ കഴിയുന്നത്. ഡീ-അഡിക്ഷൻ സെന്റർ മുഖാന്തരവും കൗൺസിലിംഗിലൂടെയുമൊക്കെ കുറേപ്പേരെ ഞങ്ങൾ തിരിച്ച് കൊണ്ടുവന്നു. തിരിച്ച് കൊണ്ടുവരാൻ കഴിയാത്ത രീതിയിൽ കുറേപ്പേർ ഇതിനടിമകളായിരിക്കുകയാണ്. ഞാൻ ആദ്യം എം.എൽ.എ. ആയ സമയത്ത് ഒരു സുഹൃത്തിന്റെ വീട്ടിൽ പോകുമ്പോൾ ഓടിവന്ന് എന്റെ

മടിയിൽ കയറിയിരുന്നിരുന്ന ഒരു നാലുവയസുകാരൻ പയ്യനുണ്ടായിരുന്നു. ഇത്രയും മിടുക്കനായ ഒരു കുട്ടിയെ ഞാൻ കണ്ടിട്ടില്ല. എക്സ്ട്രാ ഓർഡിനറി ബ്രില്ല്യന്റായിരുന്ന അവൻ നന്നായി പഠിച്ചു. എസ്.എസ്.എൽ.സി.-ക്കും പ്ലസ് ടുവിനും വളരെ നല്ല മാർക്കോടെ ഫുൾ എ പ്ലസ് നേടി എം.എൽ.എ.-യുടെ മെറിറ്റ് അവാർഡ് കരസ്ഥമാക്കുകയുണ്ടായി. കേരളത്തിലെ പ്രശസ്തമായ ഒരു എഞ്ചിനീയറിംഗ് കോളേജിൽ ചേർന്നു. എപ്പോഴും അവൻ എന്നെ ഫോണിൽ ബന്ധപ്പെടുമായിരുന്നു. ഓരോ സെമസ്റ്റർ പാസ്സാകുമ്പോഴും ലഭിക്കുന്ന മാർക്ക് എന്നെ അറിയിക്കുമായിരുന്നു. അവനെയിപ്പോൾ രണ്ടാമത്തെ തവണ ഡീ-അഡിക്ഷൻ സെന്ററിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. അവൻ ജീവിതത്തിലേയ്ക്ക് തിരിച്ച് വരുമെന്ന് എനിക്ക് പ്രതീക്ഷയില്ല. ചെറുപ്പം മുതൽ ഞാൻ എടുത്ത് നടന്ന കുട്ടിയാണ്. ഞാനടുത്തകാലത്ത് ഒരു ഡീ-അഡിക്ഷൻ സെന്ററിൽ പോയപ്പോൾ, ഈ വർഷം 85 കുട്ടികളെയാണ് അവിടെ പ്രവേശിപ്പിച്ചിരിക്കുന്നുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. അതിൽ 37 പേർ പെൺകുട്ടികളാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് വളരെ മനോഹരമായി സ്റ്റാറ്റിസ്റ്റിക്സ് സഹിതം പറഞ്ഞതിനാൽ ഞാനതൊന്നും ആവർത്തിക്കുന്നില്ല. രണ്ട്

വർഷത്തിനിടയിൽ ലഹരിക്കടത്ത് പിടിയിലായ 21 വയസിന് താഴെയുള്ളവർ 1978 പേരാണ്. ഇതിന്റെ അഞ്ചിരട്ടി ആളുകളാണ് പിടിയിലാകാതെ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. മതിലിനുള്ളിലുള്ള സ്കൂളുകളിൽ മതിലിന് പുറത്തുനിന്ന് ലഹരി വസ്തുക്കൾ എറിഞ്ഞ് കൊടുക്കുകയാണ്. നമുക്ക് സഹിക്കാൻ കഴിയാത്ത രീതിയിലുള്ള സംഭവങ്ങളാണ് പ്രധാനാദ്ധ്യാപകർ വന്ന് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയം വളരെ ഗൗരവമായെടുക്കുകയും ഞാൻ അങ്ങോട്ട് പറയണമെന്ന് കരുതിയ പല നിർദ്ദേശങ്ങളും അങ്ങ് ഇങ്ങോട്ട് പറയുകയുമുണ്ടായി. ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നു. യു.ഡി.എഫ്. പ്രത്യേകമായി യോഗം ചേർന്ന് ഈ വിഷയം മാത്രം അജണ്ടയാക്കി ഗൗരവതരമായ ചർച്ച നടത്തി. ഐക്യ ജനാധിപത്യ മുന്നണി, ഞങ്ങൾ പ്രതിപക്ഷം മുഴുവൻ പൂർണമായും ഇത് അവസാനിപ്പിക്കുന്നതിനുവേണ്ടി സർക്കാർ നടത്തുന്ന എല്ലാ ശ്രമങ്ങളുടെയും ഭാഗമായി ആദ്യാവസാനം വരെ കൂടെയുണ്ടാകുമെന്ന് അങ്ങേയ്ക്കും ഗവൺമെന്റിനും പൊതുസമൂഹത്തിനും വാക്ക് തരുന്നു. എല്ലാവരും ഒരുമിച്ച് ചേർന്ന് നമ്മുടെ കുഞ്ഞുങ്ങളെയും വരും തലമുറയെയും രക്ഷിക്കാനുള്ള ശ്രമം നടത്തണം. പല പ്രശ്നങ്ങളുണ്ട്, ഈ

കോവിഡ് കാലത്ത് ഇത് ഗൗരവതരമായി വർദ്ധിച്ചു. മാനസികാരോഗ്യ പ്രശ്നങ്ങളായി ഇത് മാറുകയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. രമേശ് ചെന്നിത്തല സൂചിപ്പിച്ചതുപോലെ പി.ഐ.റ്റി.എൻ.ഡി.പി.എസ്. ആക്ടിൽത്തന്നെ പ്രശ്നങ്ങളുണ്ട്. ഒരു കിലോയിൽ താഴെയാണ്, അതായത് 999 ഗ്രാം ആണെങ്കിൽ ജാമ്യം കിട്ടുകയാണ്. 999 ഗ്രാം കഞ്ചാവോ അല്ലെങ്കിൽ വേറെ ഏതെങ്കിലും സാധനമോ കൈവശം വച്ചാൽ ജാമ്യം കിട്ടുകയാണ്. ജാമ്യം കിട്ടിക്കഴിഞ്ഞാൽ വീണ്ടുംപോയി ഇതേ പരിപാടി തന്നെ ചെയ്യുകയാണ്. അപ്പോൾ നിയമത്തിനും പ്രശ്നമുണ്ട്. എന്റെയൊരു നിർദ്ദേശം, സാമ്പത്തിക പ്രതിസന്ധിയും കാര്യങ്ങളുമൊക്കെ ഉണ്ടെങ്കിലും എക്സൈസിന്റെ സേനാബലം വർദ്ധിപ്പിക്കണമെന്നുള്ളതാണ്. അവിടെയൊക്കെ സ്റ്റാഫുകളുടെ എണ്ണത്തിൽ വളരെ കുറവുണ്ട്. കുറച്ച് പോസ്റ്റ് ക്രിയേറ്റ് ചെയ്തിട്ടാണെങ്കിലും എക്സൈസിനെയും പോലീസിനെയും കുറെക്കൂടി ലിങ്ക് ചെയ്യണം. ഡാറ്റാ ബാങ്കിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കുറ്റവാളികളെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും നമ്മുടെ ഫിങ്കർ ടിപ്പിൽ ഉണ്ടാകാൻ കഴിയുന്നവിധം ഒരു ഡാറ്റാ ബാങ്ക് സംസ്ഥാനത്തുടനീളം ഉണ്ടാകണം. ഒരു കേസിൽ ജാമ്യമില്ലാതെ

പോകുന്നൊരാൾ, ചെറിയ ക്വാണ്ടിറ്റി പിടിച്ചതിന് വീണ്ടും അതേ കേസിൽ ജാമ്യമില്ലാതെ പോരുകയാണ്. അപ്പോൾ അവൻ വളരെ സൂക്ഷിച്ചായിരിക്കും ഒരു കിലോ കൈവശമില്ലാതെ  യാത്ര ചെയ്യുക. എന്നിട്ട് അത്  ചെറിയ പായ്ക്കറ്റുകളാക്കി വിതരണം നടത്തുകയാണ്. അങ്ങനെ ഹാബിച്വൽ ഒഫൻഡേഴ്സായി ഇതിനകത്തുമാറുന്ന,  തുടർച്ചയായി ചെയ്യുന്ന ആളുകളെ, എക്സൈസോ, പോലീസോ പിടിക്കുമ്പോൾത്തന്നെ നമുക്ക് മനസ്സിലാക്കാനും പിന്നെ അതിനുമേൽ  കാപ്പ, PIT NDPS Act എന്നിവ ഉപയോഗിച്ച് അകത്താക്കാൻവേണ്ടിയുള്ള നടപടിയുണ്ടാകണം. കർശനമായി ഇത് കൈകാര്യം ചെയ്യുന്നുവെന്നുള്ളൊരു ഫീലിംഗ്..., ഇതിപ്പോൾ ഒരുപാടുപേർ രക്ഷപ്പെടുകയാണ്. ഡിപ്പാർട്ടുമെന്റോ, പരിമിതമായ സൗകര്യമോ വച്ച് ഇത് ചെയ്യുന്നില്ല എന്നുള്ളൊരു പരാതിയല്ല ഞാൻ പറയുന്നത്. വ്യാപകമായി, ഒരു ഇരുപതിലൊന്നു കേസുപോലും പിടിക്കാൻ കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. കാരണം വലിയ ചെയിനാണ്. ഈ ചെയിനിന്റെ കണ്ണികൾ നമ്മൾ മുറിക്കാതെ ശരിയാകില്ല. ഇപ്പോൾ അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ, ഇറാൻ തുടങ്ങിയ രാജ്യങ്ങളിൽനിന്നുമാണ് മയക്കുമരുന്ന് വരുന്നത്. അതുപോലെ മഹാരാഷ്ട്ര, തമിഴ്നാട്, കർണ്ണാടകത്തിൽ നിന്നും

വരുന്നുണ്ട്. പിടിക്കുന്നത് മുഴുവൻ ചെറിയ കാരിയേഴ്സിനെയാണ്. ഇതിന്റെ ഉറവിടത്തിലേയ്ക്ക് എത്തുന്നതുപോലുമില്ല. അതിന്റെ അടുത്തേയ്ക്ക് പോകാൻ നമുക്ക് കഴിയുന്നില്ല. ഏറ്റവും റീട്ടെയിൽ ലെവലിലുള്ള കാരിയേഴ്സിനെ സംബന്ധിച്ച്, ഞാൻ രണ്ടുമൂന്ന് സർവ്വേ വായിച്ചുനോക്കി. അതിന്റെ റിസൾട്ടിൽ പറയുന്നത്, ഈ കാരിയേഴ്സ് മാത്രമാണ്, മറ്റുള്ളവർ അവിടെ തുടരുകയാണ്. കോടിക്കണക്കിന് രൂപയുടെ ബിസിനസ്സാണ്, വലിയ ചെയിനാണ് എല്ലാ സ്ഥലത്തുമുള്ളത്. ആ ഉറവിടം കണ്ടുപിടിക്കാൻ സാധിക്കുന്നില്ല. എവിടെനിന്നും വരുന്നു, ആര് കൊണ്ടുവരുന്നു, മേജർ ക്വാണ്ടിറ്റി ആരാണ് വിതരണം ചെയ്യുന്നത് എന്നൊന്നും നമുക്ക് പിടികിട്ടുന്നില്ല. നമുക്ക് ഏറ്റവും..., ഇതിന്റെ വേറൊരു പ്രശ്നം എന്താണെന്നുവച്ചാൽ വർദ്ധിച്ചുവരുന്നത് ക്രൈം അല്ലേ; ഇപ്പോഴത്തെ ഒരു ക്രൈമിന്റെ ആ ഒരു ക്രൂരത ശ്രദ്ധിച്ചിട്ടില്ലേ? ഒരുത്തന്റെ കാല് വെട്ടിയെടുത്തിട്ട് വെട്ടിയെടുത്ത കാലുമായി ബൈക്കിൽ പ്രകടനം നടത്തുകയാണ്. അല്ലേ? തല വെട്ടിയെടുക്കുകയാണ്. തമ്പാനൂരിലെ ഒരു ലോഡ്ജിൽ ഇറച്ചി വെട്ടുന്നതുപോലെ ഒരാളുടെ കഴുത്തിൽ വെട്ടി കൊല ചെയ്തില്ലേ; അതിനുശേഷം ഒരു കുളത്തിൻകരയിൽ ഒന്നും സംഭവിക്കാത്ത

മട്ടിൽ പ്രതി ഇരിക്കുകയായിരുന്നു. കോട്ടയത്ത് ഒരു ഗുണ്ട പത്തൊമ്പത് വയസ്സുകാരനെ ക്രൂരമായി തല്ലി, രണ്ടുവിരലുവച്ച് കണ്ണ് കുത്തിപ്പൊട്ടിക്കുകയാണുണ്ടായത്. ആ വീട്ടിൽ ഞങ്ങൾ പോയതാണ്. വേറൊരു സംഭവത്തിൽ ഗ്യാസ് സിലിണ്ടർ ഉപയോഗിച്ച് ഒരു അമ്മയെ അടിച്ചുകൊല്ലുകയാണ് ചെയ്തത്. എന്നോട് ചില ഉദ്യോഗസ്ഥർ പറഞ്ഞത്, വളരെ ക്രൂരമായി കൊല നടത്തിയതിനുശേഷം intoxication മാറുമ്പോൾ പ്രതികളിരുന്ന് കരയുകയാണ്. അവരല്ല അത് ചെയ്തത്. ആ സമയത്ത് ഇതെല്ലാം ലഹരിയാണ് ചെയ്യുന്നത്. അപ്പോൾ നമ്മുടെ ക്രൈം വരെ അപകടകരമായ രീതിയിലാണ് വരുന്നത്. ഒരു വണ്ടിയിലിരുന്ന് യാത്ര ചെയ്യുമ്പോൾ ഒരു ബൈക്ക് നമ്മളെയൊന്ന് ഓവർടേക്ക് ചെയ്ത് വല്ലാതെ പോയിക്കഴിഞ്ഞാൽ എന്താണ് ഇങ്ങനെ ഓടിക്കുന്നതെന്ന് ചോദിക്കാൻ പോലും കഴിയില്ല. ബൈക്ക് നിർത്തിവച്ച് വന്ന് അവർ ചിലപ്പോൾ കയ്യിലിരുന്ന ആയുധമെടുത്ത് ചിലപ്പോൾ കുത്തും. അത്രമാത്രം നിസ്സാരമായ കാര്യങ്ങൾക്കുവരെ വലിയ ക്രൈം നമ്മുടെ സംസ്ഥാനത്ത് നടക്കുകയാണ്. അതിന്റെയെല്ലാം പ്രധാനപ്പെട്ട ഒരു കാരണം ഇതുമാത്രമായിരിക്കില്ല, പക്ഷേ മേജർ cause എന്നുപറയുന്നത് മയക്കുമരുന്നിന്റെ വ്യാപനമാണ്.

പലതരത്തിൽ ഇത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പല രീതിയിലും ഈ സംഭവം വരുന്നുണ്ട്. കരയിലും കടലിലും ആകാശത്തും ഷിപ്പിലും എയർപോർട്ട് , ബോട്ട്, എന്നിവ വഴിയും ബോർഡർ കടന്നും എല്ലാ വശത്തുകൂടിയും വരുന്നുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. ഒരുകാര്യംകൂടി ശ്രദ്ധയിൽ പെടുത്തുകയാണ്. പഞ്ചാബിലാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രശ്നമുള്ളത്. അതിൽ ഏറ്റവും വലിയ impact ഉണ്ടാകേണ്ട വേറൊരു സ്ഥലം ഹരിയാനയാണ്. ഹരിയാന ഗവൺമെന്റ് പത്തുവർഷംമുമ്പ് ഇതിൽനിന്ന് ഒഴിവാകാൻ വേണ്ടി ഒരു സ്കീം ചെയ്തു. അതായത് വലിയൊരു ഫോഴ്സ് ഇൻഫ്രാസ്ട്രക്ച്ചർ വ്യാപകമായി അവർ വികസിപ്പിക്കുകയുണ്ടായി. അതിനുശേഷം ആരോഗ്യബോധം, ഫിറ്റ്നസ് അവബോധം അങ്ങനെ ആരോഗ്യത്തെക്കുറിച്ച് ചെറുപ്പത്തിൽത്തന്നെ കുട്ടികൾക്ക് എല്ലാ സ്ഥലത്തും പ്രാക്ടീസ് ചെയ്യാനാകും. നമുക്ക് ഇപ്പോൾ കളിക്കളങ്ങൾ പോലും ഇല്ലാത്ത സ്ഥിതിയിലേയ്ക്ക് പോകുകയാണ്. പണ്ടാണെങ്കിൽ വോളിബാൾ, ഫുട്ബോൾ, അല്ലെങ്കിൽ ബാഡ്മിന്റൺ എന്നിവ കളിക്കാൻ പോകാൻ കഴിയും. ഒരു ഹെൽത്ത് അവയർനെസ്സും ഫിറ്റ്നസ് അവയർനെസ്സും ഇല്ലാത്തൊരു സാഹചര്യമാണ് ഇപ്പോഴുള്ളത്. ഹരിയാന ഈ ഡ്രഗ് ഇഷ്യൂ

ഇന്റലിജന്റായി മാനേജ് ചെയ്തത്, Ghuda Government -ന്റെ സമയത്ത് സ്പോർട്ട്സ് ഇൻഫ്രാസ്ട്രക്ച്ചറിലൂടെയാണ്. നിസ്സാര തോതിലല്ല വലിയതോതിലാണ് ചെയ്തത്. ഇപ്പോഴത്തെ നാഷണൽ ഗെയിംസിന്റെയൊക്കെ റിസൾട്ടുകൾ വരുമ്പോൾ കൂടുതൽ മെഡലുകൾ പോകുന്നത് ഹരിയാനയിലേയ്ക്കാണെന്ന് കാണാം. അവർ അന്നുണ്ടാക്കിയതിന്റെ ഗുണവുമുണ്ട്. അവർക്ക് വലിയ തോതിൽ അതിർത്തിയിൽനിന്നുള്ള മയക്കുമരുന്നിന്റെ വ്യാപനം തടുത്തുനിർത്താൻ കഴിഞ്ഞുവെന്നുള്ളതാണ് വലിയൊരു യാഥാർത്ഥ്യം. അങ്ങനെ പലതരത്തിലുള്ള സാദ്ധ്യതകൾ ഗൗരവതരമായി ചർച്ച ചെയ്തു. മുഖംനോക്കാതെയുള്ള, കാർക്കശ്യം നിറഞ്ഞ, ഒരു വിട്ടുവീഴ്ചയുമില്ലാത്ത നടപടികൾ ഒരുവശത്ത് ചെയ്യുകയും മറുവശത്ത് വലിയ ക്യാമ്പയിനുമാണ് ചെയ്തത്. ഒഴിഞ്ഞ വീട്, ഒഴിഞ്ഞ പറമ്പ്, കലിങ്കിന്റെ അടിഭാഗം, മാറിനിൽക്കുന്ന, ആൾതാമസമില്ലാത്ത ഫ്ലാറ്റ്, കൊണ്ടിടുന്ന വലിയ പൈപ്പുകളുടെ ഉൾവശം തുടങ്ങി എവിടെയൊക്കെയാണ് ഇതിന്റെ സോഴ്സെന്ന് കറക്ടായി ഒരു റസിഡൻസ് അസോസിയേഷന് അറിയാനാകും. എവിടെയാണ് ആളുകൾ കൂടുന്നതെന്നും നാലുപേർ നിരന്തരമായി

എല്ലാദിവസവും വൈകുന്നേരംകൂടി മൂന്നാമത്തെ ദിവസവും നാലാമത്തെ ദിവസവും ആകുമ്പോൾ ഈ റസിഡന്റ് അസോസിയേഷനുകൾക്ക് അറിയാം സാധിക്കും എവിടെയാണ് ഇതിന്റെ ഉറവിടമെന്ന്; എല്ലാ ഗ്രാമ- നഗര വ്യത്യാസമില്ലാത്ത എല്ലാ ഇടവഴികളിലും കാടുപിടിച്ചുകിടക്കുന്ന സ്ഥലത്തും എവിടെചെന്ന് നോക്കിക്കഴിഞ്ഞാലും ഇത് കാണാം. ഇത് മനസ്സിലാകാത്ത തരത്തിലുള്ള പുതിയ മെറ്റീരിയൽസാണ്. മുൻകാലങ്ങളിൽ മയക്കുമരുന്ന് ഇൻജക്ഷനൊക്കെയായിട്ടാണ് ഉപയോഗിച്ചിരുന്നത്. അത് ഇപ്പോൾ പോയി, നാക്കിനടിയിൽവയ്ക്കുന്ന സ്റ്റാമ്പുൾപ്പെടെയുള്ള വേറെ പുതിയ സാധനങ്ങളാണ് ഇപ്പോഴുള്ളത്. ചെറിയ ക്വാണ്ടിറ്റിയൊക്കെ പിടിച്ചെന്ന് പറയുമ്പോൾ അതിനൊക്കെ കോടിക്കണക്കിന് രൂപയാണ് മൂല്യം വരുന്നത്. വളരെ അപകടകരമായ രീതിയിൽ പോകുമ്പോൾ ഒരു പൊതു സംവിധാനം..., ക്യാമ്പയിൽ എന്ന് പറയുന്നത് നമ്മൾ സാധാരണ ചെയ്യുമ്പോൾ..., ഒരു ഉദ്യോഗസ്ഥതലത്തിൽ നടത്തുന്ന ഒരു ക്യാമ്പയിൻ...., സാധാരണ മുൻകാലങ്ങളിലുള്ളതുപോലെ എക്സൈസിന് വിമുക്തിയും മറ്റ് പരിപാടികളൊക്കെയുണ്ട്. അതുപോലെയുള്ള ഒരു ഡിപ്പാർട്ടുമെന്റ് പരിപാടിയാക്കാതെ...., ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, എല്ലാവരും

പങ്കെടുക്കുന്ന...., ഇതാണ് കേരളം ചെയ്യേണ്ടത് നമ്മുടെ കുഞ്ഞുങ്ങളെ രക്ഷിക്കാൻ നല്ല എന്തെങ്കിലുമൊരു slogan കൊടുത്ത് 'നമ്മുടെ കുഞ്ഞുങ്ങളെ ഇവർക്ക് വിട്ടുതരില്ല, ചതിക്കുഴികളിൽ നമ്മുടെ കുഞ്ഞുങ്ങളെ വീഴാൻ സമ്മതിക്കില്ല' എന്നുള്ളൊരു വലിയ മെസേജ് കൊടുത്തുകൊണ്ടുള്ള ക്യാമ്പയിൻ ഉണ്ടാകണം. കേരളത്തെയും വരാനിരിക്കുന്ന തലമുറകളെയും രക്ഷപ്പെടുത്താൻവേണ്ടിയുള്ള ക്യാമ്പയിന് ഈ നിയമസഭ ഇന്ന് തുടക്കം കുറിക്കണം. ഇന്ന് നടന്ന ഈ ചർച്ച അതിനുള്ളൊരു വലിയ ആരംഭമായി മാറട്ടെയെന്ന് ആശംസിച്ചുകൊണ്ടും വിട്ടുവീഴ്ചയില്ലാതെ നമ്മളെല്ലാവരും ഒരുമിച്ചുനിന്നുകൊണ്ട് ചെയ്യാൻ കഴിയട്ടെയെന്നും പ്രാർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.